"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - 2020ലെ ഓണത്തോടനുബന്ധിച്ച് മുൻഗണനേതര വിഭാഗങ്ങൾക്ക് 10 കിലോഗ്രാം അരി വിതരണം ചെയ്യുന്നതിനും ക്രിറ്റിക്കൽ കൺണ്ടെയിൻമെന്റ് സോണിൽ 5 കിലോഗ്രാം അരി വിതരണം ചെയ്യുന്നതിനും 56,000 മെട്രിക് ടൺ അരി വിട്ടെടുക്കുന്നതിനും 126 കോടി രൂപ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്**

G.O.(Rt) No.218/2020/F&CS    തീയതി,തിരുവനന്തപുരം, 06/08/2020

---

പരാമർശം:- 1

സ.ഉ.(സാധാ) നം. 198/2020/ഭ.പൊ.വി.വ, തീയതി 21.07.2020

2

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 24.07.2020 ലെ

സിസിഎസ്/1602/2020-എ 10 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ മുൻഗണനേതര സബ്സിഡി, സബ്സിഡിയേതര വിഭാഗങ്ങളിലെ റേഷൻകാർഡ് ഉടമകൾക്ക് 2020 ലെ ഓണക്കാലത്തോടനുബന്ധിച്ച് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റേഷന് പുറമേ കിലോഗ്രാമിന് 15/- രൂപാ നിരക്കിൽ ഒരു കാർഡിന് 10 കിലോ ഗ്രാം അരി വീതം വിതരണം ചെയ്യാൻ ഉത്തരവായിരുന്നു. കൂടാതെ ക്രിറ്റിക്കൽ കൺണ്ടെയിൻമെന്റ് സോണുകളിൽ 5 കിലോഗ്രാം അരി വീതം നൽകി വരുന്നു.

2. ഇതിനായി 56,000 മെട്രിക് ടൺ അരി അടിയന്തിരമായി വിട്ടെടുക്കുന്നതിനായി 126.002 കോടി രൂപ എഫ്.സി.ഐ യിൽ ഒടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മേൽ ആവശ്യത്തിനായി 56,000 മെട്രിക് ടൺ അരി അടിയന്തിരമായി വിട്ടെടുക്കുന്നതിനായി 126.002 കോടി രൂപ എഫ്.സി.ഐ യിൽ ഒടുക്കുന്നതിന് 2408-01-101-94-01 റേഷനരിയുടെയും ഗോതമ്പിന്റെയും വിലയിലെ വ്യത്യാസം ഹെഡ്

കോർപ്പറേഷന് മടക്കിക്കൊടുക്കൽ -33-സബ്സിഡികൾ (നോൺ പ്ലാൻ) ശീർഷകത്തിൽ നിന്ന് എഫ്.സി.ഐ യിലൊടുക്കുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MONYLAL B S
JOINT SECRETARY

സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം

സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം

ജനറൽ മാനേജർ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (ഔദ്യോഗിക പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി/ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ